ഉത്തരം

(എ) സഹകരണ സംഘങ്ങളിലെ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ജോയിന്റ് രജിസ്ട്രാർമാർ പ്രവർത്തനം അവലോകനം ചെയ്യാറുണ്ട്. കൂടാതെ സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലും പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിലും സ്ഥാപിച്ചിട്ടുള്ള സഹകരണ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ 2009 ജൂൺ 11-ന് എറണാകുളത്ത് വച്ചും 2010 ഡിസംബർ 4-ന് കോട്ടയത്ത് വച്ചും സഹകരണ ലൈബ്രറി കോൺഗ്രസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ലൈബ്രറികൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ലൈബ്രറികളെ, ലൈബ്രറി കൗൺസിലിന്റെ മാനദണ്ഡങ്ങൾ പാലിച്ച് അഫിലിയേറ്റ് ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സഹകരണ ലൈബ്രറികളിലെ പുസ്തകങ്ങൾ സഹകാരികൾക്കും അതുപോലെ സഹകരണ സംഘത്തിൽ എത്തുന്ന എല്ലാവർക്കും പ്രയോജനപ്പെടുന്ന രീതിയിൽ സജ്ജീകരിക്കാനും ആവശ്യമായ പുസ്തകങ്ങൾ ലഭ്യമാക്കാനും സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ വകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ സംഘങ്ങൾക്ക് ഇത്തരത്തിലുള്ള പുസ്തകങ്ങൾ വാങ്ങി സഹകരണ ലൈബ്രറികൾക്ക് നൽകാവുന്നതാണ്.

വായ്പ കുടിശ്ശിക വരുത്തിയവരെ സഹായിക്കാൻ സ്വീകരിച്ച നടപടി

3(2255) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജില്ലാ സഹകരണബാങ്കുകളിൽ നിന്ന് വായ്പ എടുത്ത് കുടിശ്ശിക വരുത്തിയവരെ സഹായിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത് കുടിശ്ശികയായവരെ സഹായിക്കുന്നതിനായി 'സഹകരണ നവരത്നം കേളീയം' പദ്ധതിയുടെ ഭാഗമായി 'കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം' പദ്ധതി 2007 മുതൽ നടപ്പിലാക്കി വരുന്നു. 2011-ലെ 'കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം' പദ്ധതിയുടെ ഭാഗമായി 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ കുടിശ്ശിക ആയിട്ടുണ്ടെങ്കിൽ വായ്പ എടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരമുള്ള പലിശ തുകയും പലിശ തുകയുടെ 10% എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജും മുതലിനോടൊപ്പം ഈടാക്കി വായ്പാകണക്ക് അവസാനിപ്പിക്കാവുന്നതാണ്. 5 ലക്ഷം രൂപയ്ക്ക് മുകളിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരമുള്ള പലിശ തുകയും ടി പലിശ തുകയുടെ 15%-ത്തിൽ അധികരിക്കാതെ എസ്റ്റാബ്ലിഷ്മെന്റ് ചെലവും മുതലിനോടൊപ്പം ഈടാക്കി പിഴപ്പലിശയും മറ്റ് ചെലവുകളും ഒഴിവാക്കി വായ്പാകണക്ക് അവസാനിപ്പിക്കാവുന്നതാണ്. ഇത് സംബന്ധിച്ച് സംഹകരണസംഘം രജിസ്ട്രാർ 63/10 നമ്പരായി സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

പണയരേഖകൾ മടക്കി നൽകുന്നതിന് നടപടി

4(2256) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും ഭവനനിർമ്മാണ വായ്പയെടുത്തവർ വായ്പാ തുക തിരിച്ചടച്ചിട്ടും പണയരേഖകൾ തിരിച്ചു നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് പരാതികളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പരാതികളിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(ഡി) വായ്പാതുക തിരിച്ചടച്ചു കഴിഞ്ഞാലും പണയരേഖകൾ മടക്കി നൽകാത്തതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഇ) പണയരേഖകൾ ഇനിയും മടക്കി ലഭിക്കാത്തവർക്ക് അത് അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വായ്പ തുക തിരിച്ചടച്ച 17 പേരുടെ പണയ രേഖകൾ തിരിച്ചു നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികളിന്മേൽ പരിഹാരം കാണുന്നതിനായി സഹകരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഫെഡറേഷൻ, സംഘം പ്രതിനിധികൾ എന്നിവരുടെ യോഗം ചേരുകയും ടി യോഗതീരുമാന പ്രകാരം ഫെഡറേഷനും സംഘങ്ങളും തമ്മിലുള്ള ഓഹരി അനുപാതം 1:40 ആയി പുനഃനിർണ്ണയം ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ അധികം വരുന്ന ഓഹരി തുക സംഘത്തിന് തിരികെ നൽകി സംഘങ്ങളുടെ അപേക്ഷയിന്മേൽ പ്രമാണം തിരികെ നൽകാനുള്ള വായ്പകളിൽ പിഴ പലിശ ഒഴിവാക്കി വരവുവച്ച് പ്രമാണങ്ങൾ തിരികെ നൽകുന്നതിന് ഫെഡറേഷൻ സഹകരണസംഘം രജിസ്ട്രാർ അനുവാദം നൽകിയിട്ടുണ്ട്.

(ഡി) വായ്പാതുക തിരിച്ചടച്ചു കഴിഞ്ഞാലും പണയ രേഖകൾ മടക്കി നൽകാത്ത കാര്യം പരിശോധിച്ച് ഉത്തരവാദികളായ ഭരണ സമിതിയംഗങ്ങൾക്കും സംഘം ഉദ്യോഗസ്ഥർക്കുമെതിരെ നിയമാനുസൃതമായ നടപടികൾ ജോയിന്റ് രജിസ്ട്രാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly